**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5007** **20-03-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ, എയ്ഡഡ് മേഖലകളിലായി 2021 മേയ് മാസത്തിന് ശേഷം നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br><br>ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ മേഖലയിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 96 ഉം, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ 1673 ഉം നിയമനങ്ങൾ നടന്നിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 888 ഉം, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ 631 ഉം നിയമനങ്ങൾ നടന്നിട്ടുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ നിയമന വിവരം അനുബന്ധം I (a) ആയി ചേർത്തിരിക്കുന്നു. |
| (ബി) | എയ്ഡഡ് മേഖലയിൽ നിയമന അംഗീകാരം ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്യുന്ന അധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് തടസ്സമെന്താണെന്നും എപ്പോൾ നിയമനാംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11, KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം എയ്ഡഡ് സ്കൂളിലെ നിയമനം നടത്തുന്നത് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർമാരാണ്. KER അധ്യായം XIV A ചട്ടം 8 (2), 8 (3) ന്റെ അടിസ്ഥാനത്തിൽ അതാത് വിദ്യാഭ്യാസ ആഫീസറാണ്. അധ്യാപകരുടെ നിയമനം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്.<br><br>അംഗീകാരം നിരസിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>i) ഭിന്നശേഷി സംവരണം പാലിക്കാത്തത്.<br><br>ii) പുതിയ ഗണത്തിലെ സ്കൂളുകളിൽ സംരക്ഷിത നിയമനം നടത്താത്തത്.<br><br>iii) അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാത്തത്/ |

| | | | |
|---|---|---|---|
| | | | സംരക്ഷിതർക്ക് നൽകേണ്ട തസ്തികയിൽ പുതിയ നിയമനം നടത്തുന്നത്.<br><br>iv) ആവശ്യമായ യോഗ്യത ഇല്ലാത്തവരെ നിയമിക്കുന്നത്.<br><br>v) വ്യവസ്ഥാപിത തസ്തികയില്ലാതെ നിയമിക്കുന്നത്.<br><br>vi) സീനിയോറിറ്റി ലംഘിച്ച് നിയമനം നടത്തുന്നത്.<br><br>vii) സീനിയർമാരുടെ ക്ലെയിം നിലനിൽക്കുന്നതിനാൽ ജൂനിയർമാർക്ക് നിയമനാംഗീകാരം തടസ്സപ്പെടുന്നത്.<br><br>vii) ജന്വയിൻനസ് വെരിഫിക്കേഷന് കാലതാമസം വരുന്നത്.<br><br>ix) നിയമന പ്രൊപ്പോസൽ പൂർണ്ണരൂപത്തിൽ സമർപ്പിക്കാത്തത്.<br><br>മേൽ കാരണങ്ങളാൽ നിയമനം തടസ്സപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് മാത്രമേ നിയമനാംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | സർക്കാർ സ്കൂളുകളിൽ എൽ.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തസ്തികയിൽ 2025 മേയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ് എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | (സി) | വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

സർക്കാർ

| എൽ.പി.എസ്.ടി | യു.പി.എസ്.ടി | എച്ച്.എസ്.ടി |
|---|---|---|
| 5918 | 4644 | 4417 |

എയ്ഡഡ്

| | മാനേജർ നടത്തിയ നിയമനങ്ങൾ | അംഗീകാരം നൽകിയ നിയമനങ്ങൾ |
|---|---|---|
| ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകർ(എച്ച്.എം ഉൾപ്പെടെ) | 11754 | 5931 |
| യു.പി വിഭാഗം അദ്ധ്യാപകർ(എച്ച്.എം ഉൾപ്പെടെ) | 15521 | 7824 |
| എൽ.പി വിഭാഗം അദ്ധ്യാപകർ(എച്ച്.എം ഉൾപ്പെടെ) | 13642 | 8555 |
| സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ | 1364 | 573 |
| നോൺ ടീച്ചിംഗ് സ്റ്റാഫ് | 3613 | 1872 |

സെക്ഷൻ ഓഫീസർ

അനുബന്ധം I (a)

| സർക്കാർ മേഖലകളിലായി 2021 മെയ് മാസത്തിന് ശേഷം നടത്തിയ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (VHSE wing) | |
|---|---|
| തസ്തിക | എണ്ണം |
| Non Vocational Teacher (Jr) | 103 |
| Non Vocational Teacher | 70 |
| Vocational Teacher | - |
| Vocational Instructor | - |
| Total | 173 |

| എയ്ഡഡ് മേഖലകളിലായി 2021 മെയ് മാസത്തിന് ശേഷം നടത്തിയ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ (VHSE wing) | |
|---|---|
| തസ്തിക | എണ്ണം |
| Non Vocational Teacher (Jr) | 35 |
| Non Vocational Teacher | 13 |
| Vocational Teacher | |
| Vocational Instructor | |
| Total | 48 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| | സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.റ്റി(മലയാളം മീഡിയം) തസ്തികയിലെ ഒഴിവുകളുടെ ആകെ എണ്ണം | പി.എസ് സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെ എണ്ണം എൽ.പി.എസ്.റ്റി (മലയാളം മീഡിയം) | എൽ.പിഎസ്.റ്റി തസ്തികയിൽ 2025 മേയ് 31വരെ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 59 | 48 | 41 |
| കൊല്ലം | 16 | 16 | 32 |
| ആലപ്പുഴ | 18 | 12 | 16 |
| പത്തനംതിട്ട | 0 | 0 | 12 |
| കോട്ടയം | 24 | 24 | 38 |
| ഇടുക്കി | 5 | 3 | 5 |
| എറണാകുളം | 27 | 10 | 40 |
| തൃശ്ശൂർ | 37 | 29 | 29 |
| പാലക്കാട് | 20 | 18 | 23 |
| മലപ്പുറം | 41 | 21 | 41 |
| കോഴിക്കോട് | 1 | 0 | 37 |
| വയനാട് | 0 | 0 | 14 |
| കണ്ണൂർ | 18 | 14 | 18 |
| കാസർഗോഡ് | 0 | 9 | 11 |
| | 266 | 204 | 357 |

സെക്ഷൻ ഓഫീസർ